ഇ.എം(5)41724/2012

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി - 19 - 11 - 2012.

## സർക്കുലർ നമ്പർ 44 /2012

വിഷയം - സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സ്ഥാപനങ്ങൾ - ജീവനക്കാരുടെ പെൻഷൻ വിഹിതം യഥാസമയം പെൻഷൻ ബോർഡിൽ ഒടുക്കുന്നത് - 1332/2012 നമ്പർ അപ്പീലിലെ വിധിന്യായം നടപ്പാക്കി മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന - 34095/2010 നമ്പർ റിട്ട് പെറ്റീഷന്റെ വിധിന്യായത്തിനെതിരെ ശ്രീ. റ്റി.ആർ. സാമ്പശിവൻ നായർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 1332/2012 നമ്പർ റിട്ട് അപ്പീലിന്മേൽ 19 - 7 - 2012 - ലെ വിധിന്യായം.

......

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 34095/2010 നമ്പർ റിട്ട് പെറ്റീഷനിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 22 - 05 - 2012 - ലെ വിധിന്യായത്തിനെതിരെ ശ്രീ. റ്റി.ആർ. സാമ്പശിവൻ നായർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത 1332/2012 നമ്പർ റിട്ട് അപ്പീലിലെ 19 - 7 - 2012 - ലെ വിധിന്യായത്തിലെ ഉത്തരവു പ്രകാരം ചുവടെ നൽകുന്ന നിർദ്ദേശങ്ങളടങ്ങിയ ചംക്രമണ പത്രിക (സർക്കുലർ) ഇതിനാൽ പുറപ്പെടുവിക്കുന്നു.

(1) ജീവനക്കാരുടെ പേരിൽ പെൻഷൻ ബോർഡിൽ ഒടുക്കേണ്ട പെൻഷൻ വിഹിതം സ്ഥാപനത്തിലെ ചീഫ് എക്സിക്യൂട്ടീവ് എല്ലാ മാസവും 10-ാം തീയതിക്കകം സഹകരണ പെൻഷൻ ബോർഡിൽ ഒടുക്കേണ്ടതും അപ്രകാരം ടി തുക ഒടുക്കുന്നുണ്ടെന്ന് സംഘം ഭരണസമിതി ഉറപ്പ് വരുത്തേണ്ടതുമാണ്.

(2) ഏതെങ്കിലും സംഘം, സഹകരണ പെൻഷൻ ബോർഡിലേയ്ക്ക് പെൻഷൻ ഫണ്ട് ഇനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ടി തുക, പെൻഷൻ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള വിധം ഉടനെ തന്നെ അടവാക്കേണ്ടതും അപ്രകാരം അടവാക്കാത്ത കാരണത്താൽ ജീവനക്കാരുടെ പെൻഷൻ നിഷേധിക്കപ്പെടാൻ ഇടയാകുന്നില്ലെന്ന് സംഘം ചീഫ് എക്സിക്യൂട്ടീവ് ഉറപ്പുവരുത്തേണ്ടതുമാണ്.

(3) മേൽ പ്രകാരം പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം സഹകരണ പെൻഷൻ ബോർഡിൽ അടവാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ആയതിന് ഉത്തരവാദികളായ സംഘം ചീഫ് എക്സിക്യൂട്ടീവ്/ഭരണസമിതി അംഗങ്ങൾ എന്നിവരെ അയോഗ്യരാക്കി അവരുടെ മേൽ വ്യക്തിപരമായി പിഴ ചുമത്തുന്നതാണ്.

(4) പെൻഷൻ കോൺട്രിബ്യൂഷൻ യഥാസമയം സഹകരണ പെൻഷൻ ബോർഡിലേയ്ക്ക് അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നതു നിമിത്തം ആയതിന് പലിശ നൽകേണ്ടതായി വന്നാൽ ടി പലിശ യാതൊരു കാരണവശാലും സംഘത്തിന്റെ കണക്കിൽ നിന്നും കുറവ് ചെയ്യാവുന്നതല്ല, പ്രസ്തുത ഭരണസമിതി അംഗങ്ങളിൽ നിന്നും ചീഫ് എക്സിക്യൂട്ടീവിൽ നിന്നും സർചാർജ്ജ് ചെയ്ത് ഈടാക്കുന്നതാണ്.

(5) ജീവനക്കാർ സംഘം സർവ്വീസിൽ നിന്നും വിരമിക്കുന്ന തീയതി മുൻകൂട്ടി അറിവുള്ള താണെന്നിരിക്കെ വിരമിക്കപ്പെടുന്നതിന് കുറഞ്ഞത് ഒരു വർഷം മുൻപുതന്നെ നിശ്ചിത മാതൃകയിലുള്ള പെൻഷൻ അപേക്ഷ വിരമിക്കുന്ന ജീവനക്കാർ സംഘം ചീഫ് എക്സിക്യൂട്ടീവിന് സമർപ്പിക്കേണ്ടതും അപ്രകാരം ലഭ്യമാകുന്ന അപേക്ഷ, ആവശ്യമായ അനുബന്ധരേഖകൾ സഹിതം സംഘം ചീഫ് എക്സിക്യൂട്ടീവ് ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ മുഖേന സഹകരണ പെൻഷൻ ബോർഡിലേയ്ക്ക് യഥാസമയം സമർപ്പിക്കേണ്ടതുമാണ്. മേൽപ്രകാരം പെൻഷൻ ബോർഡിൽ ലഭ്യമാകുന്ന അപേക്ഷ പരിശോധിച്ച് ആയതിന്മേൽ സ്വീകരിക്കേണ്ട നടപടിക്രമം പൂർത്തിയാക്കി പെൻഷൻ ബോർഡ് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി ടി ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്ന തീയതിയ്ക്ക് തൊട്ടടുത്ത മാസം ആദ്യം മുതൽ പെൻഷൻ തുക നൽകി തുടങ്ങേണ്ടതുമാണ്.

പെൻഷൻ ഫണ്ട് യഥാസമയം ഒടുക്കേണ്ടത് സഹകരണ സംഘങ്ങളുടെ ഉത്തരവാദിത്തമായതിനാൽ ടി തുക ഈടാക്കുന്നതിന് പെൻഷൻ ബോർഡ് പ്രത്യേകിച്ചു നടപടികൾ സ്വീകരിക്കേണ്ടതില്ല.

(ഒപ്പ്)
വി. സനൽകുമാർ. ഐ.എ.എസ്
സഹകരണസംഘം രജിസ്ട്രാർ